**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 277** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പത്തനംതിട്ട ജില്ലയിൽ സപ്ലൈകോ അസിസ്റ്റൻറ് സെയിൽസ്മാൻ തസ്തികയിലെ ഒഴിവുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേനാപതി വേണു ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പത്തനംതിട്ട ജില്ലയിൽ സപ്ലൈകോ അസിസ്റ്റൻറ് സെയിൽസ്മാൻ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

<u>മറുപടി:</u> പത്തനംതിട്ട ജില്ലയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നാളിതുവരെ ഉണ്ടായിട്ടുള്ള 3 ഒഴിവുകളും PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ബി)** റാന്നി, തിരുവല്ല, പറക്കോട് ഡിപ്പോകളിൽ അനുവദിക്കപ്പെട്ട അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികകളുടെ എണ്ണം എത്രയാണ്;

<u>മറുപടി:</u> ഡിപ്പോ തിരിച്ച് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക അനുവദിച്ചു നൽകിയിട്ടില്ല.

**(സി)** പത്തനംതിട്ടയിലെ ഏതെങ്കിലും സപ്ലൈകോ ഔട്ട്‌ലെറ്റിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടോ; ഒന്നിലധികം ഔട്ട്‌ലെറ്റുകളുടെ ചുമതല ഒരാൾക്ക് നൽകിയിട്ടുണ്ടോ;

<u>മറുപടി:</u> സപ്ലൈകോയിൽ ഒരു ഔട്ട്‌ലെറ്റിന് ഒരു അസിസ്റ്റന്റ് സെയിൽസ്മാൻ എന്ന ക്രമത്തിൽ തസ്തിക അനുവദിച്ചിട്ടില്ല. അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക മുതൽ സീനിയർ അസിസ്റ്റന്റ് തസ്തിക വരെയുള്ള ജീവനക്കാരെ ഭരണപരമായ സൗകര്യാർത്ഥം ഔട്ട്‌ലെറ്റുകളിൽ നിയമിക്കാറുണ്ട്. പത്തനംതിട്ട ജില്ലയിൽ റാന്നി ഡിപ്പോയിലെ 3 മാവേലി സ്റ്റോറുകൾക്കും, ഒരു സൂപ്പർ മാർക്കറ്റിനുമാണ് നിലവിൽ അധിക ചുമതല നൽകിയിട്ടുള്ളത്

**(ഡി)** പത്തനംതിട്ടയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ എല്ലാ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> നിലവിലുള്ള 3 (മൂന്ന്) ഒഴിവുകളും PSC-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**